എമർജൻസി ആൻജിയോപ്ലാസ്റ്റിക്ക് വിധേയമാക്കുന്ന രോഗികളുടെ മരണ നിരക്ക് കേവലം 4 ശതമാനം മാത്രമാണ്. എന്നാൽ streptokinase എന്ന ക്ലോട്ട് അലിയിക്കുന്ന injection മാത്രം കൊടുത്ത് ചികിത്സിക്കുന്ന രോഗി കളുടെ മരണ നിരക്ക് 10.4% ആണ്. (അതായത് മരണ നിരക്ക് ഏതാണ്ട് അറുപത് ശതമാനം കുറയ്ക്കാൻ സാധിക്കുന്നു). മെഡിക്കൽ കോളേജിൽ ഇതിന് Rs 50,000 (അമ്പതിനായിരം) മാത്രം ചിലവാകുമ്പോൾ പ്രൈവറ്റ് ആശുപത്രികളിൽ Rs. 1,80,000 (ഒരു ലക്ഷത്തി എൺപതിനായിരം) വരെ ചെലവാകുന്നു. കൂടാതെ Balloon Valvuloplast`, PDA Closure, ASD Closure എന്നിവയും ചെയ്യുന്നുണ്ട്.

(സി) നിലവിലുള്ള കാത്ത് ലാബ് KHRWS-ന്റെ കീഴിലാണ് പ്രവർത്തിക്കുന്നത്. എന്നാൽ ചികിത്സാ കാര്യങ്ങൾ കാർഡിയോളജി വകുപ്പിന്റെ മേൽനോട്ടത്തിലാണ് നടത്തിവരുന്നത്.

(ഡി) ഈ കാത്ത് ലാബ് 13 വർഷം പഴക്കമുള്ളതാണ്. ഡിസംബർ 2010-ൽ Siemens Company Annual Maintenance Contract പിൻവലിക്കു മെന്ന് നോട്ടീസ് തന്നിട്ടുണ്ട്. സ്പെയർ പാർട്ടുകൾ ലഭ്യമല്ലാത്തതാണ് കാരണം. ആയതിനാൽ 2010 ഡിസംബറിനു ശേഷം മെഷീൻ കേടായാൽ നന്നാക്കുവാൻ ഭീമമായ തുക ചെലവിടേണ്ടി വരും. നന്നാക്കാൻ പറ്റിയെന്നും വരില്ല.

PMSSY പദ്ധതിയനുസരിച്ച് ഒരു പുതിയ കാത്ത് ലാബിന് രൂപം നല്കി വരുന്നു. ഇത് HDS-ന്റെ കീഴിലാണ് പ്രവർത്തിക്കുക.

എന്നാൽ ഡിപ്പാർട്ട്മെന്റിന് രണ്ട് കാത്ത്ലാബിന്റെ ആവശ്യം ഉള്ളതിനാൽ പുതിയ ഒരു കാത്ത് ലാബ് കൂടി സ്ഥാപിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

**മെഡിക്കൽ കോളേജുകളിലും ഹെൽത്ത് ഡയറക്ടറേറ്റിലും പഞ്ചിംഗ് സംവിധാനം**

**48 (4921)** ശ്രീ. വി. സുരേന്ദ്രൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിലും ഹെൽത്ത് ഡയറക്ടറേറ്റിലും മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറേറ്റിലും പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തിയോ ;

(ബി) എങ്കിൽ അതിനുശേഷമുള്ള പ്രവർത്തനം വിലയിരുത്തിയി ട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി) മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിലും സർക്കാർ മെഡിക്കൽ കോളേജുകളിലും പഞ്ചിംഗ് സംവിധാനം ആഗസ്റ്റ് മുതൽ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ഹെൽത്ത് ഡയറക്ടറേറ്റിലും പഞ്ചിംഗ് സംവിധാനം കൊണ്ടുവരുന്നതിന് ആലോചനയുണ്ട്.

**പി.ജി. കോഴ്സുകളിലേക്കുള്ള സീറ്റുകൾ**

**49 (4923)** ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മെഡിക്കൽ കോളേജുകളിലെ പി.ജി. കോഴ്സുകൾക്കുള്ള സീറ്റുകളിൽ ഈ അദ്ധ്യയന വർഷം എന്തെങ്കിലും കുറവ് വരുത്തിയിട്ടുണ്ടോ ;

(ബി) വിവിധ കോഴ്സുകൾക്ക് നിലവിലുണ്ടായിരുന്ന ഏതൊക്കെ പി.ജി. കോഴ്സുകളിൽ എത്ര സീറ്റുകൾ വീതം കുറവ് വരുത്തിയിട്ടുണ്ട് എന്ന് വിശദമാക്കുമോ ;

(സി) പി.ജി. കോഴ്സുകളിലെ സീറ്റുകൾ കുറയ്ക്കാനുണ്ടായ കാരണങ്ങൾ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇത്തരത്തിൽ കുറച്ച സീറ്റുകൾ പുനഃസ്ഥാപിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിലെ 15 പി.ജി. ഡിപ്ലോമ സീറ്റുകൾ കുറവ് വന്നിട്ടുണ്ട്. കുറവുവന്ന സീറ്റുകൾ താഴെപറയും പ്രകാരമാണ്.

തിരുവനന്തപുരം മെഡിക്കൽ കോളേജ്

ഡി.എൽ.ഒ. കോഴ്സ്-6 സീറ്റ്

ഡി.പി.എച്ച്. കോഴ്സ് - 9 സീറ്റ്

(സി&ഡി) പി.ജി.ഡിഗ്രി സീറ്റ് കൂട്ടുന്നതിന്റെ ഭാഗമായാണ് പി.ജി. ഡിപ്ലോമ സീറ്റുകളിൽ കുറവ് വന്നിട്ടുള്ളത്. കുറവുവന്ന ഡിപ്ലോമ സീറ്റുകൾ പുനഃസ്ഥാപിച്ചാൽ ആനുപാതികമായി ഡിഗ്രി സീറ്റുകൾ കുറയാൻ സാദ്ധ്യതയുണ്ട്. ഇത് ആശാസ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly